# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഉദുമ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കാസറഗോഡ്-671123**

**ഇ-മെയിൽ: doksd.ksad@kerala.gov.in**

**ഫോൺ : 04994-256690**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ)- കെ.എസ്.ഡി-8/901/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 11/01/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദുമ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.ഡി-8/901/2022 കെ.എസ്.എ- തീയ്യതി: 11/01/2023

## കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാധാകൃഷ്ണൻ എം.എൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല) | 24-08-2022 | 01-09-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2022 | 01-09-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

വിനോദ് കുമാർ.സി, ഓഡിറ്റ് ഓഫീസർ
തോമസ്.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രഘുനാഥൻ.കെ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
എം.ബാബു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽ കുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.ലക്ഷ്മി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ടി.പി.ശശീന്ദ്രൻ | സെക്രട്ടറി | 01-04-2021 | 28-06-2021 |
| അനിൽ.എം.കെ | സെക്രട്ടറി | 29-06-2021 | 09-07-2021 |
| സിന്ധു.എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-07-2021 | 02-08-2021 |
| നാരായണൻ.കെ | സെക്രട്ടറി | 03-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിൽ.എം.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 09-07-2021 |
| സിന്ധു.എൽ | അസിസ്റ്റന്റ് സെക്രട്ടറി | 10-07-2021 | 22-01-2022 |
| വിനോദ് കുമാർ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 23-01-2022 | 31-03-2022 |
| രമ്യ.ടി.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ബിന്ദു.പി | കൃഷി ഓഫീസർ | 01-04-2021 | 23-09-2021 |
| കെ.നാണുക്കുട്ടൻ | കൃഷി ഓഫീസർ | 24-09-2021 | 31-03-2022 |
| ഡോ.സൂര്യനാരായണ ഭട്ട് | വെറ്റിനറി സർജ്ജൻ | 01-04-2021 | 28-02-2022 |
| ഡോ.കെ.വസന്തകുമാർ | വെറ്റിനറി സർജ്ജൻ | 01-03-2022 | 31-03-2022 |
| ഡോ.മുഹമ്മദ് .എം | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ശ്രീജ.പി.പി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.ജയ.ജി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ഗോവിന്ദൻ.സി.വി | പ്രധാനധ്യാപകൻ | 01-04-2021 | 30-09-2021 |
| ശോഭ.കെ | പ്രധാനധ്യാപിക | 01-10-2021 | 31-03-2022 |
| ജ്യോതി.എൻ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 06-11-2021 |
| അറഫ.ഇ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 07-11-2021 | 31-03-2022 |
| രജിമ.പി.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| പ്രമീള .ഒ.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഷജിൻ.കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-10-2021 |
| പ്രവീൺ കുമാർ.കെ.സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല. | 1-2-1 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2 |
| 4 | ലോൺ വിവരങ്ങളിൽ അപാകത- ലോൺ രജിസ്റ്റർ തയ്യാറാക്കി കാലികമാക്കിയിട്ടില്ല. | 1-2-2 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-2-3 |
| 6 | റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്/ബാങ്ക് പാസ്ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-2-4 |
| 7 | ബാലൻസ് ഷീറ്റിലെ പ്രധാന അപാകത | 1-2-5 |
| 8 | വിദ്യാസഹായി പദ്ധതിക്കായി ലഭിച്ച തുക ചെലവ് ചെയ്തു- 2021-22 വർഷത്തിലും ബാദ്ധ്യത ക്രമീകരിച്ചിട്ടില്ല. | 1-2-6 |
| 9 | ബാദ്ധ്യതാ കണക്കിൽ ചേർത്ത തുകയുടെ വിവരങ്ങൾ ലഭ്യമല്ല. | 1-2-7 |
| 10 | ജേർണൽ എൻട്രികൾ ആധികാരികമല്ല. | 1-2-8 |
| 11 | വസ്തു നികുതി- കണക്കുകളിലെ അപാകതകൾ | 1-2-9 |
| 12 | വാർഷികധനകാര്യ പത്രികയിലെ മറ്റ് പ്രധാന അപാകതകൾ | 1-2-10 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം | 1-4 |
| 15 | പദ്ധതി അവലോകനം. | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 21 | ക്യാൻസൽ ചെയ്ത രശീതുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-11 |
| 22 | ആർജ്ജിതാവധി സറണ്ടർ-സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-12 |
| 23 | സേവനപുസ്തക പരിശോധന | 1-13 |
| 24 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേറ്ററിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങിയത്-പ്രവർത്തനം തുടങ്ങിയിട്ടില്ല | 1-14 |
| 25 | പുല്ലൂർ-പെരിയ ഡയാലിസിസ് സെന്ററിന് വിഹിതം കൈമാറൽ പദ്ധതി | 1-15 |
| 26 | തെരുവ് നായ്ക്കളുടെ നിയന്ത്രണ പരിപാടി ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ പദ്ധതി | 1-16 |
| 27 | ഉദുമ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി | 1-17 |
| 28 | വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി-പട്ടികജാതി- അപാകത | 1-18 |
| 29 | പി.എച്ച്.സിയിലേക്ക് മരുന്നുകൾ വാങ്ങൽ -മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-19 |
| 30 | തുക അഡ്വാൻസ് നൽകിയിട്ടും മരുന്ന് ലഭിച്ചിട്ടില്ല. | 1-20 |
| 31 | മത്സ്യമാർക്കറ്റ് അറ്റകുറ്റപ്പണിക്ക് തുക ചെലവഴിച്ചു - അപാകത | 1-21 |
| 32 | അങ്കണവാടി അനുപൂരക പോഷകാഹാരവിതരണം -ജി.എസ്.ടി | 1-22 |

| | | |
|---|---|---|
| | ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല | |
| 33 | കുണ്ടോളംപാറ മുക്കുന്നോത്ത് വെടിക്കുന്ന് റോഡ് ബേം പ്രൊട്ടക്ഷൻ നിർമ്മാണവും ഡ്രൈനേജ് നിർമ്മാണവും അളവുകൾ രേഖപ്പെടുത്തിയതിലെ അപാകതമൂലം അധിക ചെലവ്. | 1-23 |
| 34 | വസ്തു നികുതി- പൊതുവായ അപാകതകൾ | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കുണ്ടോളംപാറ മുക്കുന്നോത്ത് വെടിക്കുന്ന് റോഡ് ബേം പ്രൊട്ടക്ഷൻ നിർമ്മാണവും ഡ്രൈനേജ് നിർമ്മാണവും അളവുകൾ രേഖപ്പെടുത്തിയതിലെ അപാകതമൂലം അധിക ചെലവ്. | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1<br>തിയതി :20.02.2021 | 2/1<br>തിയതി:05.03.2022 |
| മുന്നിരിപ്പ് | 2,93,96,528 | 4,69,36,646 |
| വരവ് | 27,52,01,060 | 22,69,07,610 |
| ആകെ | 30,45,97,588 | 27,38,44,256 |
| ചെലവ് | 28,56,40,001 | 26,09,04,381 |
| നീക്കിയിരിപ്പ് | 1,89,57,587 | 1,29,39,875 |

### 1-2-1 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-2 ലോൺ വിവരങ്ങളിൽ അപാകത- ലോൺ രജിസ്റ്റർ തയ്യാറാക്കി കാലികമാക്കിയിട്ടില്ല.

B5 സ്റ്റേറ്റ്മെന്റ് പ്രകാരം 1,47,53,358/-രൂപയാണ് ലോൺ ഇനത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക, എന്നാൽ ഈ തുക ലോൺ എടുത്തതിന്റെ വിവരങ്ങൾ പഞ്ചായത്തിന് പരിശോധനയ്ക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. ലോൺ എടുത്തതിന്റെ വിവരങ്ങൾ ലോൺ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. വായ്പാ ഇനത്തിൽ യഥാർത്ഥത്തിൽ 1,47,07,126 രൂപയാണ് 31.03.2022-ൽ തിരിച്ചടക്കുവാൻ ബാലൻസുള്ള തുക. എന്നാൽ വാർഷിക ധനകാര്യ പത്രിക B-5 സ്റ്റേറ്റ്മെന്റ് പ്രകാരം 1,47,53,358 രൂപ ലൈഫ് ഭവന പദ്ധതിയിൽ തിരിച്ചടക്കുവാൻ ബാലൻസുള്ളതായി ലെഡ്ജർ പരിശോധനയിൽ കാണുകയുണ്ടായി. ലോൺ ഇനത്തിന്റെ ലെഡ്ജർ പരിശോധിച്ചപ്പോൾ ലൈഫ് ഭവന പദ്ധതി-ഹഡ്കോ ലോൺ ഇനത്തിൽ 30,77,769രൂപ തൻവർഷം തിരിച്ചടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ ലൈഫ് ഭവന പദ്ധതിയിൽ 31,24,001 രൂപയാണ് തൻ വർഷം തിരിച്ചടച്ചത്, 46,232 രൂപയുടെ തിരിച്ചടവ് നടത്തിയത് വാർഷിക ധനകാര്യ പത്രികയിൽ 330500201-എന്ന ഹെഡിൽ രേഖപ്പെടുത്താത്തതാണ് അപാകതയ്ക്ക് കാരണം.

### 1-2-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല. മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തുന്നത്. തനത് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ മൂല്യം ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല. സ്ഥാപനത്തിന്റെ അധീനതയിലുള്ള

മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന് യഥാർത്ഥത്തിലുള്ള ആസ്തിമൂല്യം പ്രതിഫലിപ്പിക്കുന്നതിന് വാർഷിക കണക്കിന് സാധിച്ചിട്ടില്ല.

**1-2-4 റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റെ/ബാങ്ക് പാസ്ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.**

Kerala Bank Covod Donation-(450430101-31.3.2022-ലെ ബാലൻസ് 20682രൂപ)-ന്റെ ബാങ്ക് പാസ്സ് ബുക്കും, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഉദുമ SCB(തനത്ഫണ്ട്-450230101)-1272-ന്റെ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 3,79,39,710/- രൂപയാണ്. ബാങ്ക് പാസ്സ് ബുക്ക് കാലികമാക്കാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ഹാജരാക്കിയപ്പോൾ 3,80,06,410 രൂപ ബാങ്ക് ബാലൻസായി കാണുന്നു. ഓഡിറ്റിന് ഹാജരാക്കിയ വാർഷിക ധനകാര്യ പത്രികയിലും ബാങ്ക് ബുക്കിലും വ്യത്യാസം വരുവാനുള്ള സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

**1-2-5 ബാലൻസ് ഷീറ്റിലെ പ്രധാന അപാകത**

2021-22 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. കൂടാതെ ചില ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് ചെലവഴിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ലഭിച്ച തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. തനത് ഫണ്ട് അക്കൗണ്ട്, ഇ-പെയ്മെന്റ് അക്കൗണ്ടുകൾ എന്നിവയിൽ വിവിധ ഗ്രാന്റുകളും ഫണ്ടുകളും അക്കൗണ്ട് ചെയ്തിട്ടുണ്ട്. (ഉദാ- ശുചിത്വമിഷൻ ഗ്രാന്റ്, സമഗ്ര ശിശുവികസന പദ്ധതി വിഹിതം എന്നിവ).എന്നാൽ മേൽ അക്കൗണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ അതത് ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

**1-2-6 വിദ്യാസഹായി പദ്ധതിക്കായി ലഭിച്ച തുക ചെലവ് ചെയ്തു- 2021-22 വർഷത്തിലും ബാദ്ധ്യത ക്രമീകരിച്ചിട്ടില്ല.**

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 320400199 – Grants , Funds, Contributions For Specific Purposes - Other Financial Institutions എന്ന ഹെഡിൽ 5,70,000/- രൂപ നീക്കിയിരിപ്പുണ്ട്. വിദ്യാസഹായി പദ്ധതിയിൽ KSFE യിൽ നിന്ന് ലഭിച്ച തുകയാണ് ഇത്. എന്നാൽ ഈ തുകയിൽ നിന്നും 5,56,970/- രൂപ 12.10.2020 ലെ 22000486 നമ്പർ പേയ്മെന്റ് വൗച്ചർ പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്. ആയതിനാൽ ബാധ്യതയിനത്തിൽ ഉൾപ്പെടുത്തിയ മേൽ തുകകൾ ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-2-7 ബാദ്ധ്യതാ കണക്കിൽ ചേർത്ത തുകയുടെ വിവരങ്ങൾ ലഭ്യമല്ല.**

ബാലൻസ് ഷീറ്റിൽ 31.03.2021 ൽ 350400701- Refunds Payable- Deposit Works എന്ന ഹെഡിൽ 1,45,333/- രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. ഈ തുക 04.12.2015-ന് "Unutilised Amount Refund Fro KWA - Kundolampara, Mukkunnoth, Malamkunnu, Kadambanchal"എന്ന വിശേഷണത്തോടു കൂടി രേഖപ്പെടുത്തിയ തുകയാണ്. ഈ തുക ബാദ്ധ്യതാ ഹെഡിൽ രേഖപ്പെടുത്തിയതിന്റെയും നിലവിലും ബാദ്ധ്യതാ ഹെഡിൽ നില നിർത്തുന്നതിന്റെയും കാരണങ്ങൾ വ്യക്തമല്ല.

**1-2-8 ജേർണൽ എൻട്രികൾ ആധികാരികമല്ല.**

ജേർണൽ ബുക്കിന്റെ പരിശോധനയിൽ ധാരാളം കറക്ഷൻ എൻട്രികൾ വരുത്തിയിട്ടുള്ളതായി കാണുന്നു. സാംഖ്യാ സോഫ്റ്റ് വെയറിൽ വരവുചെലവുകൾ

രേഖപ്പെടുത്തുമ്പോഴും ജേർണൽ എൻട്രികൾ വരുത്തുമ്പോഴും കൃത്യമായ ഹെഡുകൾ തിരഞ്ഞെടുക്കാത്തതുകൊണ്ടും സമയബന്ധിതമായി അക്കൌണ്ടിങ്ങ് എൻട്രികൾ വരുത്താതുകൊണ്ടാണ് ഇത്തരത്തിൽ വളരെ കൂടുതലായി കറക്ഷൻ ജേർണൽ എൻട്രികൾ ആവശ്യമായിവരുന്നത്. അക്കൗണ്ടിങ്ങ് എൻട്രികൾ കൃത്യതയോടെ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-2-9 വസ്തു നികുതി- കണക്കുകളിലെ അപാകതകൾ**

വസ്തു നികുതി പിരിവ്, ബാക്കി എന്നിവയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള 2021-22-ലെ കളക്ഷൻ പ്രോഗ്രസ് റിപ്പോർട്ടിൽ വസ്തുനികുതി പിരിവിൽ ബുക്ക് അഡ്ജസ്റ്റ്മെന്റുകൾ നടത്തിയിട്ടുള്ളതായി കാണുന്നു. ഇതിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ, അഡ്ജസ്റ്റ്മെന്റ് നടത്താനുള്ള അനുമതികൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കുടിശ്ശിക വസ്തു നികുതിയുടെ മുന്നിരിപ്പ്, പിരിവ്, ബാക്കി എന്നിവ സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**1-2-10 വാർഷികധനകാര്യ പത്രികയിലെ മറ്റ് പ്രധാന അപാകതകൾ**

**A).**മുൻകൂർ നൽകിയ തുക (ബി-18 -Code No -460100103, 460500501) സമയ ബന്ധിതമായി ക്രമീകരിച്ചില്ല. കൂടാതെ 2021-22വർഷം KSEB-ൽ 24,00,000/- രൂപയുടെ(പ്രൊജക്ട് നം-153/2021-22 ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ) ഡെപ്പോസിറ്റ് പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക ബാലൻസ് ഷീറ്റിൽ B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

**B).**ബാങ്ക് അക്കൌണ്ടിൽ നേരിട്ട് ലഭിക്കുന്ന ഇ -പേയ്മെന്റ് വരവ് അതത് മാസം അക്കൗണ്ട് ചെയ്യുകയോ, റിക്കൺസൈൽ ചെയ്യുകയോ ചെയ്യുന്നില്ല. ഇ-പേയ്മെന്റ് വരവുകൾ അതാതു മാസങ്ങളിൽ സാഖ്യാ സോഫ്റ്റ്വെയറിൽ വരവ് രേഖപ്പെടുത്തി ബാങ്ക് അക്കൗണ്ട് റിക്കൺസൈൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**C).**ജനനമരണ വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്ഥാപനം കൈപ്പറ്റുന്ന അപേക്ഷാ ഫീ, രജിസ്ട്രേഷൻ ഫീ, പിഴ, പകർപ്പ് ഫീ എന്നീ വരവുകൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ മേൽ പരാമർശിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട ശീർഷകങ്ങളിലെ വരവ് ചെലവുകൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

**1-3 സാമ്പത്തിക വിശകലനം**

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 4,37,14,010 |
| വരവ് | 13,59,56,804 |
| ആകെ | 17,96,70,814 |
| ചെലവ് | 12,23,01,097 |
| നീക്കിയിരിപ്പ് | 5,73,69,717 |

## 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം

### എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക | |
|---|---|---|---|---|---|---|---|
| | | | | | | ലാപ്സായ തുക | നീക്കിയിരിപ്പ് |
| വികസന ഫണ്ട് പൊതു വിഭാഗം | | 0 | 31798762 | 31798762 | 31204000 | 594762 | |
| വികസന ഫണ്ട് എസ്.സി.പി. | | 0 | 3707000 | 3707000 | 3682019 | 24981 | |
| വികസന ഫണ്ട് ടി.എസ്.പി. | | 0 | 309200 | 309200 | 289997 | 19203 | |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | ട്രഷറി SO | 0 | 6862298 | 6862298 | 4759029 | 2103269 | |
| | ബാങ്ക് | 0 | 8715000 | 8715000 | 3411550 | -- | 5303450 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Un Tied | ട്രഷറി SO | 0 | 1063755 | 1063755 | 679800 | 383955 | |
| | ബാങ്ക് | 0 | 5810000 | 5810000 | 5689837 | -- | 120163 |
| മെയിന്റ നൻസ് ഫണ്ട്- റോഡ് | | 0 | 12320000 | 12320000 | 8104347 | 4215653 | |
| മെയിന്റ നൻസ് ഫണ്ട്- നോൺ റോഡ് | | 0 | 9272241 | 9272241 | 6455739 | 2816502 | |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹4440590 (ജനറൽ), ₹112232 (എസ്.സി.പി.), ₹16579 (ടി.എസ്.പി.) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. )

### ബി) ഫണ്ട് വിനിയോഗം- രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷവരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്പൊതുവിഭാഗം | 0 | 26763410 | 26763410 | 26763410 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3569787 | 3569787 | 3569787 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 273418 | 273418 | 273418 | 0 |
| മെയിന്റെനൻസ് ഫണ്ട്- റോഡ് | 0 | 8104347 | 8104347 | 8104347 | 0 |
| മെയിന്റെനൻസ് ഫണ്ട്- നോൺറോഡ് | 0 | 6455739 | 6455739 | 6455739 | 0 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5438829 | 5438829 | 5438829 | 0 |
| **ബി ഫണ്ട്** | | | | | |
| നെല്ല്ഉല്പാദന ബോണസ് | 0 | 50000 | 50000 | 50000 | 0 |
| വിവാഹധനസഹായം | 0 | 5,10,000 | 5,10,000 | 5,10,000 | 0 |
| **സംയുക്ത പദ്ധതി** | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | 953888 | 1153888 | 350000 | 803888 |
| ജില്ലാ പഞ്ചായത്ത് | 1,00,000 | 1000000 | 1100000 | 0 | 1100000 |
| **കേന്ദ്രാവിഷ്കൃത പദ്ധതി** | | | | | |
| തൊഴിലുറപ്പ് പദ്ധതി | 5433 | 866588 | 872021 | 872014 | 7 |
| ടി.എസ്.സി. (ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ) | 249325 | 0 | 249325 | 0 | 249325 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 525900 | 1652443 | 2178343 | 1000000 | 1178343 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | |
| സാക്ഷരത | 49343 | 1608 | 50951 | 0 | 50951 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2832411 | 210000 | 3042411 | 2211050 | 831361 |
| സമ്പൂർണ ശുചിത്വം | 28,73,173 | 0 | 28,73,173 | 0 | 28,73,173 |

*കുറിപ്പ് : 1) മേൽ വിവരിച്ച വരവു ചെലവുകൾ കൂടാതെ, ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ തൻ വർഷം 2,01,50,011 രൂപ വരവുണ്ട്.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2021-22 വർഷം 2,99,59,197 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

**1-5 പദ്ധതി അവലോകനം.**

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം**

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 268 | 162271391 | 194 | 96099022 | - | 74 | 72.38 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 45 | 35955452 | 32 | 19814904 | 55.10 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 3534734 | 8 | 2697773 | 76.32 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 133 | 57212286 | 85 | 28303443 | 49.47 |
| 4 | കൃഷി ഓഫീസർ | 11 | 4471117 | 11 | 3727326 | 83.36 |
| 5 | വെറ്റിനറി സർജ്ജൻ | 6 | 4110000 | 6 | 4107360 | 99.9 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20 | 30158900 | 17 | 17957824 | 59.54 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 9150082 | 7 | 8829832 | 96.5 |
| 8 | പ്രധാനധ്യാപകൻ | 17 | 4310000 | 10 | 3014459 | 69.94 |
| 9 | മെഡിക്കൽ ഓഫീസർ ആയൂർവ്വേദം | 2 | 1400000 | 2 | 1400000 | 100 |
| 10 | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 9 | 4292820 | 9 | 4083932 | 95.13 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 250000 | 1 | 250000 | 100 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1100000 | 1 | 1000000 | 90.90 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 6326000 | 5 | 912169 | 14.41 |
| | ആകെ | 268 | 162271391 | 194 | 96099022 | 59.22 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 5433 | 866588 | 872021 | 872014 | 7 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 2,99,59,197 | 2,99,59,197 | 2,99,59,197 | 0 |

| ആകെ | 5433 | 30825785 | 3,08,31,218 | 3,08,31,211 | 7 |
|---|---|---|---|---|---|

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 1640 പദ്ധതികളുൾപ്പെടുന്ന 26.30 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 226 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 84,563 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച. 563 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 4537700 | 175 |
| വിധവാപെൻഷൻ | 31942000 | 1751 |
| വാർദ്ധക്യകാലപെൻഷൻ | 30808100 | 2207 |
| വികലാംഗപെൻഷൻ | 8318800 | 392 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 2107600 | 66 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 510000 | 17 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24/08/2022 തീയ്യതിയിൽ 2.32 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 28,107/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### പൊതു നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 4 |
| 6 | ക്ലാർക്ക് | 4 |
| 7 | ഡ്രൈവർ | 1 |

| | | |
|---|---|---|
| 8 | ഓഫീസ് അറ്റൻഡന്റ് | 2 |
| 9 | പാർട്ട് ടൈം പൗണ്ട്കീപ്പർ | 1 |
| 10 | ഫുൾടൈം സ്വീപ്പർ | 1 |

07.12.2019 ലെ ഉത്തരവ് നം എസ്.സി.1/2652പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ചു നൽകുമ്പോൾ സോഫ്റ്റ്വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സമ്പന്ധിച്ച് പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 35 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 18 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 17 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 16പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 17 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2021-22സാമ്പത്തിക വർഷം 11 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്.

**<u>കൺട്രോൾ ഓവർ അക്കൌണ്ട്</u>**

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്റകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. ജേണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവയും സൂക്ഷിച്ചിട്ടില്ല. റസീറ്റു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി

എടുത്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

**<u>പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം</u>**

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൌണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്.

**<u>ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം</u>**

ഓരോ വരവിനത്തിലുമുള്ള ഡിമാന്റുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻവർഷം 87.80% നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

**<u>കൺട്രോൾ ഓവർ പ്രൊക്യൂർമെന്റ്.</u>**

ഗ്രമപഞ്ചായത്ത് പ്രൊക്യുർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തലെ പ്രൊക്യുർമെന്റ് കമ്മിറ്റി 2021-2022 വർഷത്തിൽ ആകെ 6 തവണ യോഗം ചേർന്നിട്ടുണ്ട്.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം യഥാവിധി പാലിക്കുന്നില്ല. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

**<u>കൺട്രോൾ ഓവർ പേറോൾ</u>**

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പടുന്ന ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

**<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം</u>**

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, ഇൻകുബൻസി രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. കൂടാതെ ലോൺരജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്.

**<u>ആസ്തികളിൻമേലുള്ള നിയന്ത്രണം</u>**

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

**1-10 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഉദുമ ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) റേഷൻ കടകൾ 2021-22 (FIRST HALF)

2) കള്ള് ഷാപ്പുകൾ I&II

3) അംഗീകൃത കോൺട്രാക്ടർമാർ (PWD) I&II

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 06/2021-22 തിയ്യതി30.08.2022 )

**1-11 ക്യാൻസൽ ചെയ്ത രശീതുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.**

2021-22വർഷത്തിൽ, നികുതി പിരിവിനായി പഞ്ചായത്തിൽ നിന്നും വിതരണം ചെയ്ത താഴെ ചേർത്ത രശിതു ബുക്കുകളിലെ ക്യാൻസൽഡ് രസീതുകൾ സെക്രട്ടറി/നിർവ്വഹണ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിട്ടില്ല.ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തിയ്യതി | രശീത് ബുക്ക് നമ്പർ | രശീത് നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | രേഖപ്പെടുത്തിയിട്ടില്ല. | 23127 | 32 | Outdoor Collection |
| 2 | 28.10.2021 | 23124 | 48 | Outdoor Collection |
| 3 | 31032022 | 6797 | 50 | Outdoor Collection |
| 4 | 27082021 | 37703 | 4 | M O Vetinary |
| 5 | രേഖപ്പെടുത്തിയിട്ടില്ല. | 23123 | 37 | M O Vetinary |
| 6 | 07102021 | 37700 | 16 | AE LSGD |

രശീതുകളുടെ ക്യാൻസലേഷൻ മതിയായ അനുമതിയോടെയാണ് എന്ന രേഖപ്പെടുത്തലാണ് സെക്രട്ടറി/നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം. അപാകത പരിഹരിക്കേണ്ടതാണ്.

**1-12 ആർജ്ജിതാവധി സറണ്ടർ-സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.**

05.11.2020 ലെ ജി.ഒ. (പി)നം 152/2020/ ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതു സമ്പന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ എർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം എർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഉദുമ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 01.06.2021ലെ ഉത്തരവ് നമ്പർ എസ്.സി.1/4396/2021 പ്രകാരം ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് 4,60,872/- രൂപ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. വൗച്ചർ നം.22100138/2.6.202, ചെക്ക് നമ്പർ 30667/01.06.2021 പ്രകാരം ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മാറിയിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക. | ആർജിത അവധി സറണ്ടർ ഇനത്തിൽ |
|---|---|---|

| | | |
|---|---|---|
| | | അനുവദിച്ച തുക. |
| 1 | അനിൽ.എം.കെ-ജെ.എസ് | 62715/- |
| 2 | ബാബു അപ്യാൽ - അക്കൗണ്ടന്റ് | 59829/- |
| 3 | കെ.വി.രാജീവൻ - സീനിയർ ക്ലാർക്ക് | 62715/- |
| 4 | രാജേഷ്.എം.വി - സീനിയർ ക്ലാർക്ക് | 49395/- |
| 5 | ജയപ്രിയൻ.വി - സീനിയർ ക്ലാർക്ക് | 42,513/- |
| 6 | മണി.കെ.എൻ - സീനിയർ ക്ലാർക്ക് | 41514/- |
| 7 | സുധീർ.എ.കെ - ഡ്രൈവർ | 33633/- |
| 8 | പ്രണവൻ.പി.ആർ - ക്ലാർക്ക് | 39516/- |
| 9 | അനൂപ്.എംവി - ക്ലാർക്ക് | 34521/- |
| 10 | ഹംസത്ത് .കെ.പി - ക്ലാർക്ക് | 34521/- |
| | ആകെ | 460872/-രൂപ |

മേൽ പരാമർശിച്ച തുക കൂടാതെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.ശശീന്ദ്രൻ.ടി.പി, 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ ഇനത്തിൽ വൗച്ചർ നം22100181/11.6.2021 പ്രകാരം 79698/-രൂപയും തനത് ഫണ്ടിൽ നിന്നും മാറിയിട്ടുണ്ട്. ചെക്ക് നമ്പർ 878213/25.06.2021.

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021 ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ സറണ്ടർ അനുവദിച്ചിട്ടില്ല. 26.07.2021 ലെ ജി.ഒ. (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായ് ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഉദുമ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചതിന് കൃത്യമായ വിശദീകരണം നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.18/01.09.2022)

**<u>1-13 സേവനപുസ്തക പരിശോധന</u>**

2021-22 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നിലവിലെ ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധന നടത്തിയിരുന്നു. സേവനപുസ്തകം സൂക്ഷിക്കുന്നതിൽ അപാകതകൾ

കണ്ടെത്തിയിട്ടുണ്ട്. പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

1.ഉദുമ ഗ്രാമപഞ്ചായത്തിലെ 6 ജീവനക്കാർക്ക് 2022 ഫെബ്രുവരി മാസം കോവിഡ് -19 ബാധിച്ചതിനെ തുടർന്ന് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ചിട്ടുണ്ട്. സൂചന പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 7 ദിവസം ലീവ് അനുവദിക്കാവുന്നതാണ്. ജീവനക്കാരുടെ അപേക്ഷ, കോവിഡ് -19 പോസിറ്റീവ് സ്ഥിതീകരിച്ച ടെസ്റ്റ് റിപ്പോർട്ട് എന്നിവ അടിസ്ഥാനമാക്കിയാണ് ഇവർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ചത്. സെക്രട്ടറിയുടെ നടപടിക്രമം നമ്പർ എസ്.സി-1/1414/22/തിയ്യതി-3.3.2022 പ്രകാരം 7 ദിവസം സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുകയും സേവനപുസ്തകത്തിൽ രേഖപ്പെടുത്തൽ നടത്തിയതായി പറയുകയും ചെയ്തിട്ടുണ്ട്. എന്നാൽ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

2.2022 മാർച്ച് 28,29 തിയ്യതികളിൽ നടന്ന സർക്കാർ ജീവനക്കാരുടെ പണിമുടക്കിൽ 20 ജീവനക്കാരിൽ 18 പേർ പങ്കെടുത്തിട്ടുണ്ട്. ഇവരിൽ 17 പേരുടെ സേവനപുസ്തകം പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. ഇവരുടെ സേവനപുസ്തകത്തിൽ പണിമുടക്കിയ വിവരം ചേർത്തിട്ടില്ല.

3.ആയിഷ.ടി.കെ , ക്ലാർക്ക് എന്നവർ സ്ഥലം മാറ്റം ലഭിച്ചതിനെ തുടർന്ന് 4.12.2021മംഗൽപാടി ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്ത് 6.12.21 ന് ഉദുമ ഗ്രാമപഞ്ചായത്തിൽ ജോയിൻ ചെയ്തു. പക്ഷെ ഈ വിവരങ്ങൾ പേ എന്നിവ സേവനപുസ്തകത്തിൽ ചേർക്കാതെയാണ് നാളിതുവരെ ശമ്പളം നൽകിവന്നത്.

4.8ജീവനക്കാരുടെ സേവനപുസ്തകത്തിൽ അവസാനമായി ഇൻക്രിമെന്റ് അനുവദിച്ചത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരുന്നില്ല.

ഓഡിറ്റ് എൻക്വയറി മുഖാന്തിരം ഈ അപാകതകൾ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് അപാകതകൾ പരിഹരിക്കുകയും മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

**1-14 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേറ്ററിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങിയത്-പ്രവർത്തനം തുടങ്ങിയിട്ടില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.225/22

അടങ്കൽ - 600000/- കേന്ദ്രാവിഷ്കൃത ഫണ്ട്

ചെലവ് - 547470/-രൂപ

വൗച്ചർ നം.22101198/24.3.2022 – 547470/-രൂപ

ഉദുമ ഗ്രാമപഞ്ചായത്തിൽ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് വെടിക്കുന്നിൽ സ്ഥാപിച്ച മെറ്റീരിയൽ കളക്ഷൻ സെന്ററിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങാനുള്ളതാണ് ഈ പദ്ധതി. കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസ് ലിമിറ്റഡ് കമ്പനിയിൽ നിന്നാണ് (KSIE Ltd) വാങ്ങിയത്. KSIE യുടെ കത്ത് നം.KSIE/MKTG/TVMBC/BM/UGP/KZD/2021-22/Dt.21.10.2021 പ്രകാരം 547470/-രൂപയുടെ ടെണ്ടർ സമർപ്പിച്ചു. ഭരണസമിതി തീരുമാനം നം.5(2)/ തിയ്യതി-6.12.2021പ്രകാരം ടെണ്ടർ അംഗീകരിച്ചു. ഇൻവോയ്സ് നം.TVMBC-304/21-22/Dt.15.3.2022 പ്രകാരം KSIE ബെയിലിംഗ് മെഷീൻ വിതരണം ചെയ്തു. വൗച്ചർ നം.22101198/24.3.2022 പ്രകാരം 547470/-രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം.570007723372/ SBI.

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.മെഷീൻ സ്ഥാപിച്ചുവോ എന്ന് വ്യക്തമല്ല, കാരണം ഇൻസ്റ്റലേഷൻ റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.MCF നിലവിൽ പ്രവർത്തനം തുടങ്ങിയോ എന്ന് വിശദീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.12/1.9.2022 പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടിയതിന് 1.9.2022 ന് മറുപടി നൽകിയിട്ടുണ്ട്. ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെന്നും, വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനം തുടങ്ങിയില്ല, MCF നിലവിൽ പ്രവർത്തനം തുടങ്ങി എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. 547470/-രൂപ ചെലവഴിച്ച് സ്ഥാപിച്ച മെഷീൻ എത്രയും പെട്ടെന്ന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 547470/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-15 പുല്ലൂർ-പെരിയ ഡയാലിസിസ് സെന്ററിന് വിഹിതം കൈമാറൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.82/22

അടങ്കൽ - 500000/- തനത് ഫണ്ട്

ചെലവ് - 500000/-രൂപ

വൗച്ചർ നം.22100650/17.11.2021 – 500000/-രൂപ

ഉദുമ ഗ്രാമപഞ്ചായത്തിൽ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിയാണ് പുല്ലൂർ-പെരിയ ഡയാലിസിസ് സെന്ററിന് വിഹിതം നൽകൽ പദ്ധതി. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2.11.2021 ലെ കത്ത് നം.BOKHD/1253/2021-C പ്രകാരം സംയുക്തപദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം നിക്ഷേപിക്കുന്നതിന് ആരംഭിച്ച പ്രത്യേക ട്രഷറി അക്കൗണ്ടിലേക്ക് തുക നിക്ഷേപിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അക്കൗണ്ട് നം.ജെ.വി.ടി.എസ്.ബി-799013100000003, ഹോസ്ദുർഗ് സബ്ട്രഷറി. സെക്രട്ടറിയുടെ ഉത്തരവ് നം.എസ്.സി2-7946/21/തീയ്യതി-16.11.2021 പ്രകാരം തുക നിക്ഷേപിക്കാൻ അനുമതി നൽകി. വൗച്ചർ നം.22100650/17.11.2021 പ്രകാരം 500000/-രൂപ ട്രഷറി അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.13/1.9.2022 പ്രകാരം ഈ അപാകത ചൂണ്ടിക്കാട്ടിയതിന് 1.9.2022 ന് മറുപടി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഓഫീസിന് കത്ത് അയച്ചിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുമെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 തെരുവ് നായ്ക്കളുടെ നിയന്ത്രണ പരിപാടി ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.250/22

അടങ്കൽ - 200000/- തനത് ഫണ്ട്

ചെലവ് - 200000/-രൂപ

വൗച്ചർ നം.22100791/21.12.2021 – 200000/-രൂപ

ഉദുമ ഗ്രാമപഞ്ചായത്തിൽ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിയാണ് തെരുവ് നായ്ക്കളുടെ നിയന്ത്രണ പരിപാടിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ പദ്ധതി. കാസറഗോഡ് ജില്ലാ പഞ്ചായത്ത് 21.10.2021 ലെ കത്ത് നം.ബി-2-2182/2021 പ്രകാരം സംയുക്തപദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം നിക്ഷേപിക്കുന്നതിന് ആരംഭിച്ച പ്രത്യേക ട്രഷറി അക്കൗണ്ടിലേക്ക് തുക നിക്ഷേപിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അക്കൗണ്ട് നം.ജെ.വി.ടി.എസ്.ബി-799013100000006,കാസറഗോഡ് ജില്ലാ ട്രഷറി. സെക്രട്ടറിയുടെ ഉത്തരവ് നം.എസ്.സി2-7493/21/തീയ്യതി-17.12.2021 പ്രകാരം തുക നിക്ഷേപിക്കാൻ അനുമതി നൽകി. വൗച്ചർ നം.22100791/21.12.2021 പ്രകാരം 200000/-രൂപ ട്രഷറി അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.14/1.9.2022 പ്രകാരം ഈ അപാകത

ചൂണ്ടിക്കാട്ടിയതിന് 1.9.2022 ന് മറുപടി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഓഫീസിന് കത്ത് അയച്ചിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുമെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**<u>1-17 ഉദുമ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി</u>**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.153/22

അടങ്കൽ - 24,10,000/- തനത് ഫണ്ട്

ചെലവ് - 24,00,000/-രൂപ

വൗച്ചർ നം.22101120/11.3.2022 – 24,00,000/-രൂപ

ഉദുമ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കാനുള്ളതാണ് ഈ പദ്ധതി. പദ്ധതിക്ക് വേണ്ടി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഉദുമ സെക്ഷനോട് ആവശ്യപ്പെട്ടു. കത്ത് നം.DB/ES-Udma/St.Light/2021-22/209/Dt.22.12.2021 പ്രകാരം ആകെ 24,00,000/-രൂപയുടെ എസ്റ്റിമേറ്റ് അസി.എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ സമർപ്പിച്ചു. 11.2.2022 ന് കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി കരാർ തയ്യാറാക്കി, വൗച്ചർ നം.22101120/11.3.2022 പ്രകാരം 24,00,000/-രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഉദുമ സെക്ഷനിൽ നിക്ഷേപിച്ചു. അക്കൗണ്ട് നം.0000067270210068/SBI.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1.പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ കരാറിൽ ഗ്രാമപഞ്ചായത്തിന് വേണ്ടിയോ, കേരള സംസ്ഥാന വൈദ്യുതി ബോർഡിന് വേണ്ടിയോ ആരും തന്നെ ഒപ്പ് വെച്ചിട്ടില്ല.

2.പദ്ധതി പൂർത്തീകരിച്ച വിവരം വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.16/1.9.2022 പ്രകാരം ഈ അപാകത ചൂണ്ടിക്കാട്ടിയതിന് 1.9.2022 ന് മറുപടി നൽകിയിട്ടുണ്ട്. കരാറിൽ ഇരുവിഭാഗവും നിലവിൽ ഒപ്പ് രേഖപ്പെടുത്തിയെന്നും(പരിശോധനക്ക് ഹാജരാക്കി) പ്രവർത്തി പൂർത്തീകരിച്ചുവെന്നും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുമെന്നുമാണ് മറുപടി നൽകിയത്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**<u>1-18 വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി-പട്ടികജാതി- അപാകത</u>**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.39/22

അടങ്കൽ - 1,29,000/- രൂപ - SCP

ചെലവ് - 1,28,998/-രൂപ

2021-22 വർഷത്തിൽ അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിഭാഗത്തിൽ പെട്ട 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതിയിൽ ആകെ KADCO ലിമിറ്റഡ് കോഴിക്കോടിൽ നിന്നും നേരിട്ട് കട്ടിൽ വാങ്ങുന്നതിന് തീരുമാനിച്ചു. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നം.01/28.10.2021. പ്രൊഫോർ ഇന്ഡവോയ്സ് പ്രകാരം 4299.92/-രൂപയാണ് ഒരു കട്ടിലിന് വില. 28.10.2021 ന് കത്ത് നം.39/21 പ്രകാരം KADCO ലിമിറ്റഡ് കോഴിക്കോടിന് സപ്ലൈ ഓർഡർ നൽകി. ഇൻവോയ്സ് നം.NRO/SALES/297/Dt.6.12.2021 പ്രകാരം ആകെ 30 കട്ടിലുകൾ സ്ഥാപനം വിതരണം ചെയ്തു. ആകെ 1,28,998/-രൂപയാണ് വില. ബിൽ നം.09/2021-22/3.1.2022 പ്രകാരം തുക സ്ഥാപനത്തിന് നൽകി. അക്കൗണ്ട് നം.0808201005758/കാനറാ ബാങ്ക്. 6.8.21ലെ ഭരണസമിതി തീരുമാനം നം.3/9 പ്രകാരം 33

ഗുണഭോക്താക്കളുടെ പട്ടിക അംഗീകരിച്ചു. ഇതിൽ രേഖകൾ ഹാജരാക്കിയ 30 പേർക്ക് കട്ടിൽ വിതരണം ചെയ്തു.

കട്ടിൽ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് അപേക്ഷകളും അനുബന്ധരേഖകളും പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന 4 ഗുണഭോക്താക്കൾക്ക് 60 വയസ്സ് തികയാതെ കട്ടിലുകൾ നൽകിയിട്ടുണ്ട്.

1. പത്മാവതി, W/O കൊറഗൻ, നാലാംവാതുക്കൽ, ബാര

2.സരോജിനി, W/O അമ്പാടി, നാലാംവാതുക്കൽ, ബാര

3.യമുന, W/O മാധവൻ, ആര്യടുക്കം, ബാര

4.ശ്രീധരൻ.എൻ.വി, S/O നെൽക്കളൻ,നാലാംവാതുക്കൽ, ബാര

ഈ 4 പേർക്കും പദ്ധതി നടപ്പിലാക്കുന്ന സമയത്ത് ഹാജരാക്കിയ ആധാർ കാർഡ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം 60 വയസ്സ് തികഞ്ഞിട്ടില്ല. ഇവർക്ക് ആനുകൂല്യം നൽകാനായി മെഡിക്കൽ ഓഫീസർ, ഉദുമ പ്രാഥമിക ആരോഗ്യ കേന്ദ്രം ഇവർക്ക് Physical Appearance ൽ 60 കഴിഞ്ഞു എന്ന് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. വയസ്സ് തെളിയിക്കാനുള്ള ആധികാരിക രേഖകൾ മറികടന്ന് മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് പ്രകാരം ആനുകൂല്യം നൽകാമെന്നതിന് ആധാരമായ സർക്കാർ ഉത്തരവുകൾ, സർക്കുലർ എന്നിവ അടിസ്ഥാനമാക്കിയാണോ ഇവരെ പരിഗണിച്ചത് എന്ന് ഫയലിൽ വ്യക്തമല്ല.

ഓഡിറ്റ് എൻക്വയറി നം.08/1.9.2022 പ്രകാരം ഈ അപാകതകൾ ചൂണ്ടിക്കാട്ടിയതിന് 1.9.2022 ന് മറുപടി നൽകിയിട്ടുണ്ട്. 4 ഗുണഭോക്താക്കളും പാവപ്പെട്ടവരും രോഗികളുമാണെന്നും മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകില്ല എന്നുമാണ് മറുപടി നൽകിയത്.

പട്ടികജാതി ജനസംഖ്യ കൂടുതലുള്ള ഗ്രാമപഞ്ചായത്തിൽ 60 കഴിഞ്ഞ ഗുണഭോക്താക്കൾ ഏറെയുള്ളതിനാൽ ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള രേഖകളുടെ കൃത്യത ഉറപ്പ് വരുത്തി കൂടുതൽ ജാഗ്രത പദ്ധതി നടത്തിപ്പിൽ കാണിക്കണം എന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

**1-19 പി.എച്ച്.സിയിലേക്ക് മരുന്നുകൾ വാങ്ങൽ -മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.**

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഉദുമ പി.എച്ച്.സി യിലേക്ക് മരുന്നുകൾ വാങ്ങിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അടങ്കൽ തുക | ചെലവ് തുക | ഫണ്ട് ഇനം | പ്രൊജക്ട് നമ്പർ | പ്രൊജക്ട് |
|---|---|---|---|---|---|
| 1 | 13,682 | 13,621 | വികസന ഫണ്ട് (ജനറൽ) | 12/2022 | ഉദുമ പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ |
| 2 | 10,31,873 | 10,31,873 | മെയിന്റനൻസ് (നോൺ റോഡ്) | | |
| 3 | 83,332 | 83,332 | വികസന ഫണ്ട് (ജനറൽ) | 327/2022 | ഉദുമ പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ രണ്ടാം ഘട്ടം |
| 4 | 2,35,600 | 2,35,600 | മെയിന്റനൻസ് (നോൺ റോഡ്) | | |
| ആകെ | **13,64,487** | **13,64,426** | | | |

സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം. 22/2018 ത.സ്വ.ഭ.വ തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ

അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2021-22 വർഷം നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം 12,81,094രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കേർപ്പറേഷനിൽ നിന്നുമാണ്. മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ , അടിയന്തിര സാഹചര്യം മറികടക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട ആശുപത്രി മാനേജിങ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും (സബ്സിഡി മാർഗ്ഗരേഖ(ഖ.7.5.4)) ഈ നടപടികൾ പാലിക്കാതെ ജില്ലാ മെഡിക്കൽ സ്റ്റോറിൽ മരുന്ന് ലഭ്യമല്ലായെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മരുന്നുകൾ സപ്ലൈകോയിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. കേരള മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേണ സർക്കാരിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനുപകരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കേർപ്പറേഷനിൽ നിന്നും മരുന്നുകൾ വാങ്ങാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 05/2021-22 തിയ്യതി : 29.08.2022 )

## 1-20 തുക അഡ്വാൻസ് നൽകിയിട്ടും മരുന്ന് ലഭിച്ചിട്ടില്ല.

**നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ)**

തുക നൽകിയത് : കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്-ആലപ്പുഴ

അക്കൗണ്ട് നമ്പർ : 34306403911

UTR NO: RBI3212160266800

2021-22 സാമ്പത്തിക വർഷം, മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നം.249/2022 പ്രകാരം, ഉദുമ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരം, 2,50,000/-രൂപ , കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിലിമിറ്റഡിന്റെ അക്കൗണ്ട് നമ്പർലേക്ക് (34306403911) UTR NO: RBI3212160266800പ്രകാരം 2,50,000/-രൂപ തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ 2,50,000/ രൂപയുടെ മരുന്നുകൾ .ഹോമിയോ ഡിസ്പെൻസറിയിലേക്ക് വിതരണത്തിന് ലഭിച്ചിട്ടില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ / പ്രൊജക്ട് | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ/ തുക | ഫണ്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 1 | 249/2022ഉദുമ . ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 2,50,000 | 2,50,000 | 21200752010600642186 തിയ്യതി 12.11.2021 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മരുന്ന് ലഭിക്കാത്ത വിഷയം അടിയന്തിരമായി ബന്ധപ്പെട്ട സ്ഥാപനത്തെ ധരിപ്പിച്ച് മരുന്നുകൾ ലഭ്യമാക്കി, ആയതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ2,50,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 മത്സ്യമാർക്കറ്റ് അറ്റകുറ്റപ്പണിക്ക് തുക ചെലവഴിച്ചു - അപാകത

ഉദുമ ഗ്രാമപഞ്ചായത്ത് മത്സ്യമാർക്കറ്റ് അറ്റകുറ്റപ്പണിക്ക് വേണ്ടി 2021-22 വർഷത്തിൽ വിവിധ വൗച്ചറുകൾ പ്രകാരം ആകെ 34690/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ

ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22100866/6.1.2022 | 17000/- രൂപ | മത്സ്യമാർക്കറ്റ് മിനുക്ക്പണി- ശ്രീ.സുധാകരൻ മാങ്ങാടിന് നൽകിയത്. |
| 2 | 22100876/7.1.2022 | 15890/- രൂപ | അറ്റകുറ്റപ്പണി - രാകേഷ്.ഇ.കെ എന്നവർക്ക് നൽകിയത്. |
| 3 | 22101004/15.2.2022 | 1800/- രൂപ | ഷീറ്റ് വാങ്ങിയത്- കേരളാ സ്റ്റോർ ഉദുമക്ക് നൽകിയത്. |
| | ആകെ | 34690/- രൂപ | |

ആകെ 34690/-രൂപ ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടെങ്കിലും മത്സ്യവില്പന ഇപ്പോഴും മത്സ്യമാർക്കറ്റിന് മുന്നിലെ റോഡിൽ തന്നെയാണ് നടക്കുന്നത്. മത്സ്യവില്പന മത്സ്യമാർക്കറ്റിനകത്ത് തന്നെ നടത്താൻ നടപടി സ്വീകരിച്ച് വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.19/01.09.2022)

**1-22 അങ്കണവാടി അനുപൂരക പോഷകാഹാരവിതരണം -ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാരവിതരണം |
| പ്രോജക്ട് നമ്പർ | 13/2022 |
| അടങ്കൽ | 55,00,000/- |
| ചെലവ് | 54,70,974/- |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ ന്യൂട്രിമിക്സ് വിതരണം ചെയ്തത് പറമ്പ അക്ഷയ ന്യൂട്രിമിക്സ് യൂണിറ്റാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി. പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി

ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ ഉദുമ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പോഷകാഹാര വിതരണപദ്ധതിയിലെ ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ ജി.ഒ. (സാധാ.) നം.1450/2018 തസ്വഭവ തീ. 25.05.2018 പ്രകാരം ഒരു കിലോഗ്രാം ന്യൂട്രിമിക്സിന് ജി.എസ്.ടി ഉൾപ്പെടെയുള്ള 73.50 രൂപയാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്.വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം. | അളവ് | ജി.എസ്.ടി. |
|---|---|---|---|
| 1 | 056/18.03.2021 | 2823 Kg | 9880.50 |
| 2 | 002/20.04.2021 | 2651 Kg | 9278.50 |
| 3 | 006/18.5.2021 | 2599.5 Kg | 9098.25 |
| 4 | 008//24.6.2021 | 2597.5 Kg | 9091.25 |
| 5 | 013/9.7.2021 | 2650 Kg | 9275 |
| 6 | 017/11.8.2021 | 2546.5 Kg | 8912.75 |
| 7 | 023/17.9.2021 | 2456 Kg | 8596 |
| 8 | 031/18.10.2021 | 2412 Kg | 8442 |
| 9 | 038/16.11.2021 | 2351.5 Kg | 8230.25 |
| 10 | 045/21.12.2021 | 864 Kg | 3024 |
| 11 | 050/6.1.2022 | 1755 Kg | 6142.50 |
| 12 | 056/11.2.2022 | 1647 Kg | 5764.50 |

ന്യൂട്രിമിക്സിന്റെ ബില്ലിൽ ജി.എസ്.ടി ഇനത്തിൽ വിലയ്ക്കൊപ്പം ഈടാക്കിയിരിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. ഈടാക്കിയ ജി.എസ്.ടി ഒടുക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വന്നതിന് വിശദീകരണം ലഭ്യമാക്കാക്കേണ്ടതാണ്, കൂടാതെ ജി.എസ്.ടി തുക സർക്കാരിൽ ഒടുക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. സ്ഥാപനത്തിന് ജി.എസ്.ടി റീഫണ്ടായി ലഭിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ നിക്ഷേപിക്കാനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-23 കുണ്ടോളംപാറ മുക്കുന്നോത്ത് വെടിക്കുന്ന് റോഡ് ബേം പ്രൊട്ടക്ഷൻ നിർമ്മാണവും ഡ്രൈനേജ് നിർമ്മാണവും അളവുകൾ രേഖപ്പെടുത്തിയതിലെ അപാകതമൂലം അധിക ചെലവ്.**

**നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.**

കുണ്ടോളംപാറ മുക്കുന്നോത്ത് വെടിക്കുന്ന് റോഡ് ബേം പ്രൊട്ടക്ഷൻ നിർമ്മാണവും

ഡ്രൈനേജ് നിർമ്മാണവും എന്ന പ്രവൃത്തിയിൽ Wearing Coat ചെയ്ത പ്രതലത്തിന്റെ വീതി കണക്കാക്കിയതിലെ അപാകതമൂലം 3,878/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. നഷ്ടം സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ ഖണ്ഡിക3-1ൽ ചേർത്തിട്ടുണ്ട്.

പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം 04.02.2022 നാണ് അവസാനമായി അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനുശേഷം പ്രവൃത്തി നടന്നിട്ടില്ല. പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. മുഹമ്മദ് ഫഹീം.ബി.കെ 28.02.2022 ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ കത്തിൽ ഡ്രൈനേജ് നിർമ്മിക്കേണ്ട സ്ഥലത്തുള്ള ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനും മരം മുറിച്ചുമാറ്റുന്നതിനും നടപടിസ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ പുരോഗതി അറിയക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 17 തീ: 01.09.2022 ).

**<u>1-24 വസ്തു നികുതി- പൊതുവായ അപാകതകൾ</u>**

**<u>A)വസ്തു നികുതി വിജ്ഞാപന ഭേദഗതി നടപ്പിൽ വരുത്തിയില്ല.</u>**

സ ഉ(അ) 36/2015/തസ്വഭവ തിയതി 24/02/2015 പ്രകാരം വസ്തു നികുതി നിർണ്ണയത്തിന് ബാധകമായ കെട്ടിടങ്ങളുടെ ഗണത്തിൽ 1) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2)വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് ഉറപ്പിന്റെ (അണ്ടർടൈക്കിംഗ്) അടിസ്ഥാനത്തിൽ നിരക്ക്, 3) മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ്,ഡവലപ്പ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4) ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ എന്നിവയും കൂടി ഉൾപ്പെടുത്തി ഭേദഗതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഭേദഗതി നടപ്പിൽ വരുത്തിയിട്ടില്ല. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി വിജ്ഞാപനം നടപ്പിൽ വരുത്തിയതിന്റെയും, കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ വസ്തുനികുതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**<u>B)കുടിശ്ശിക-ഈടാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.</u>**

2021-22ലെ വാർഷിക കണക്ക് പരിശോധിച്ചതിൽ ബാലൻസ് ഷീറ്റ് പ്രകാരം (B-15)ചുവടെ ചേർത്ത ഇനങ്ങളിൽ കുടിശ്ശിക ഉള്ളതായി ബോധ്യപ്പെട്ടു.

| ക്രമ നം | ഇനം | കുടിശ്ശിക |
|---|---|---|
| 1 | വസ്തു നികുതി(ഗാർഹികം)-തൻവർഷം | 5,80,211 |
| 2 | വസ്തു നികുതി(ഗാർഹികേതരം)-തൻവർഷം | 4,24,210 |
| 3 | വസ്തു നികുതി(ഗാർഹികം)- മുൻ വർഷ കുടിശ്ശിക | 2,82,244 |
| 4 | വസ്തു നികുതി(ഗാർഹികേതരം)-മുൻ വർഷ കുടിശ്ശിക | 3,59,921 |

കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

**<u>C)വസ്തു നികുതി പിരിവ്-ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല.</u>**

**2011**ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം **14** പ്രകാരം സെക്രട്ടറി ഓരോ കെട്ടിട ഉടമക്കും വസ്തുനികുതി ഡിമാന്റ് നോട്ടീസ് നൽകണമെന്നും അയാൾ അല്ലെങ്കിൽ അയാളുടെ ഏജന്റ് കൈപറ്റിയതിന് ഡിമാന്റ് നോട്ടീസിന്റെ ഒരു പകർപ്പിൽ കൈപറ്റ് രസീത് വാങ്ങേണ്ടതുമാണ്. എന്നാൽ **2021-22** ൽ പുതിയതായി നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് ഇപ്രകാരം ഡിമാന്റ് നോട്ടീസ് നൽകിയതായി

കാണുന്നില്ല.ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുണ്ടോളംപാറ മുക്കുന്നോത്ത് വെടിക്കുന്ന് റോഡ് ബേം പ്രൊട്ടക്ഷൻ നിർമ്മാണവും ഡ്രൈനേജ് നിർമ്മാണവും അളവുകൾ രേഖപ്പെടുത്തിയതിലെ അപാകതമൂലം അധിക ചെലവ്.

**നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.**

കുണ്ടോളംപാറ മുക്കുന്നോത്ത് വെടിക്കുന്ന് റോഡ് ബേം പ്രൊട്ടക്ഷൻ നിർമ്മാണവും ഡ്രൈനേജ് നിർമ്മാണവും എന്ന പ്രവൃത്തിയിൽ Wearing Coat ചെയ്ത പ്രതലത്തിന്റെ വീതി കണക്കാക്കിയതിലെ അപാകതമൂലം 3,878/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | എസ്.ഒ. 170/21 (കുണ്ടോളംപാറ മുക്കുന്നോത്ത് വെടിക്കുന്ന് റോഡ് ബേം പ്രൊട്ടക്ഷൻ നിർമ്മാണവും ഡ്രൈനേജ് നിർമ്മാണവും) | | |
| അടങ്കൽ | 8ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | | |
| എസ്റ്റിമേറ്റ് | ₹ 8,00,000/- (EST No: 2021/28640) | | |
| സാങ്കേതികാനുമതി . | ₹ 8,00,000/- TS No 40762/2021-2022 (Order No. LSGD/TS/2021-2022/28640 Dated 06.10.2021, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, കാഞ്ഞങ്ങാട്). | | |
| എം. ബുക്ക് നം. | 293/21-22 | | |
| ആകെ അളവ് മൂല്യം | ₹ 3,65,988/- (പാർട്ട് ബിൽ) | | |
| കരാറുകരാൻ | ശ്രീ. മുഹമ്മദ് ഫഹീം.ബി.കെ. | | |
| ടെണ്ടർ തുക | ₹ 5,78,862/- | | |
| എഗ്രിമെന്റ് നമ്പർ | AE/LSGD/UP/42/21-22 Dated 27.12.2021 | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | ചെക്ക് നം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | PFMS Transaction ID | ₹4,09,906/- | ₹ 3,85,018/- |

| | | | |
|---|---|---|---|
| | 0046EATPAYREQ100320229500<br>തീ: 10.03.2022 | | |

കുണ്ടോളംപാറ മുക്കുന്നോത്ത് വെടിക്കുന്ന് റോഡ് ബേം പ്രൊട്ടക്ഷൻ നിർമ്മാണവും ഡ്രൈനേജ് നിർമ്മാണവും എന്ന പ്രവൃത്തിക്കായി MoRD സ്പെസിഫിക്കേഷൻ (കോസ്റ്റ് ഇൻഡക്സ് 32.04%) പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 7 ഇനം പ്രവൃത്തികളാണുള്ളത്. എസ്റ്റിമേറ്റ് പ്രകാരം ഡ്രൈനേജിന്റെ Bed Concrete (ഐറ്റം നമ്പർ 2) ഒരു മീറ്റർ വീതിയിൽ ചെയ്യുന്നതിനും ഡ്രൈനേജിന്റെ Side Walls Concrete (ഐറ്റം നമ്പർ 3) ഒരു വശത്ത് 0.25മീറ്റർ വീതിയിലും മറുവശത്ത് 0.20മീറ്റർ വീതിയിലും ചെയ്യുന്നതിനും ഡ്രൈനേജിന്റെ Wearing Coat (ഐറ്റം നമ്പർ 4) 0.55 മീറ്റർ വീതിവീതിയിൽ ചെയ്യുന്നതിനുമാണ് തുകകൾ വകയിരുത്തിയത്.

പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം ഡ്രൈനേജിന്റെ Bed Concrete, Side Walls Concrete, Wearing Coat എന്നീ ഇനങ്ങൾ ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item No | Particulars | Number | Length | Breadth | Depth | Quantity | Page Number Of M Book |
|---|---|---|---|---|---|---|---|
| 2 | **Bed Concrete.** Providing Concrete For Plain In Open Foundation Complete, M10, Nominal Mix 1:3:6 (Code 11.4.1.1) | | 131.00 | 1.00 | 0.10 | 13.10m$^3$ | 2 |
| 3 | **Side Wall Concrete.** Providing Concrete For Plain In Open Foundation Complete, M15, Nominal Mix 1:2.5:5 (Code 11.4.2.1) | 2 | 24.00 | 0.30 | 0.65 | 9.36m$^3$ | 3 |
| | | 1 | 54.00 | 0.30 | 0.65 | 10.53m$^3$ | |
| | | 1 | 54.00 | 0.25 | 0.65 | 8.775m$^3$ | |
| | | 2 | 53.00 | 0.25 | 0.65 | 17.225m$^3$ | |
| | | | | | Total | 45.89m$^3$ | |
| 4 | **Wearing Coat.** Providing Plain Cement Concrete For Wearing Coat CC 1:2:4 Laid To Required Slopes As Required Including Compaction, Finishing And Tampering (Code 75.8.12.1A) | | 131.00 | 0.55 | 0.05 | 3.603m$^3$ | |

പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം ഡ്രൈനേജിന്റെ Bed Concrete (ഐറ്റം നമ്പർ 2) ഒരു മീറ്റർ വീതിയിലാണ് ചെയ്തിരിക്കുന്നത്, ഐറ്റം നമ്പർ 3പ്രകാരം ഡ്രൈനേജിന്റെ Side Walls Concrete ആദ്യത്തെ 24മീറ്റർ നീളത്തിൽ 30സെ.മി വീതിയിലും മധ്യഭാഗത്തുള്ള 54 മീറ്റർ നീളത്തിൽ ഒരു വശത്ത് 30സെ.മി വീതിയിലും മറുവശത്ത് 25സെ.മി വീതിയിലും അവസാനത്തെ 53 മീറ്റർ നീളത്തിൽ 25സെ.മി വീതിയിലുമാണ് ചെയ്തിരിക്കുന്നത്. Bed Concrete-ന്റെ വീതിയിൽ നിന്നും Side Walls Concrete-ന്റെ വീതി കുറവ് ചെയ്ത അളവാണ് Wearing Coat ചെയ്യുന്ന പ്രതലത്തിന്റെ വീതിയായി കണക്കാക്കേണ്ടത്. എന്നാൽ അളവ് പുസ്തകം പ്രകാരം ഡ്രൈനേജിന്റെ Wearing Coat-ന്റെ വീതി 0.55 മീറ്ററാണ്. പ്രവൃത്തിയുടെ പാർട്ട് ബിൽ പ്രകാരം 3.603m$^3$ അളവ് Wearing Coat (ഐറ്റം നമ്പർ 3) ചെയ്തതിന് ₹ 5940.35/M$^3$ എന്ന നിരക്കിൽ 21,403/- രൂപ അളവ് മൂല്യം കണക്കാക്കി ആയതിന്റെ കൂടെ 12% GST ഘടകം കൂട്ടി 23,971/-രൂപ

പ്രവൃത്തിയുടെ കരാറുകാരന് നൽകിയിട്ടുണ്ട്.

ഈ പ്രവൃത്തിയിൽ ഡ്രൈനേജിന്റെ Wearing Coat നടത്തേണ്ടത് ചുവടെ വിവരിക്കും പ്രകാരം $3.02m^3$ അളവിലാണ്.

| Item No | Particulars | Number | Length | Breadth | Depth | Quantity |
|---|---|---|---|---|---|---|
| 4 | **Wearing Coat.** Providing Plain Cement Concrete For Wearing Coat CC 1:2:4 Laid To Required Slopes As Required Including Compaction, Finishing And Tampering (Code 75.8.12.1A) | | 24.00 | 0.40 | 0.05 | $0.48m^3$ |
| | | | 54.00 | 0.45 | 0.05 | $1.215m^3$ |
| | | | 53.00 | 0.50 | 0.05 | $1.325m^3$ |
| | | | | | Total | $3.02m^3$ |

ആയതിനാൽ ഈ പ്രവൃത്തിയിൽ $3.02m^3$ അളവ് Wearing Coat ചെയ്തതിന് ₹ $5940.35/M^3$ എന്ന നിരക്കിൽ 17,940/- രൂപ അളവ് മൂല്യം കണക്കാക്കി ആയതിന്റെ കൂടെ 12% GST ഘടകം കൂട്ടി 20,093/-രൂപയാണ് പ്രവൃത്തിയുടെ കരാറുകാരന് യഥാർത്ഥത്തിൽ നൽകേണ്ടത്. Wearing Coat ചെയ്ത പ്രതലത്തിന്റെ വീതി കണക്കാക്കിയതിലെ അപാകതമൂലം 3,878/- രൂപയുടെ (₹ 23,971 – ₹ 20,093) അധിക ചെലവുണ്ടായിട്ടുണ്ട്. അധികം ചെലവഴിച്ച 3,878/- രൂപ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ആയത് പരിശോധിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം 04.02.2022 നാണ് അസാനമായി അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനുശേഷം പ്രവൃത്തി നടന്നിട്ടില്ല. പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. മുഹമ്മദ് ഫഹീം.ബി.കെ 28.02.2022 ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ കത്തിൽ ഡ്രൈനേജ് നിർമ്മിക്കേണ്ട സ്ഥലത്തുള്ള ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനും മരം മുറിച്ചുമാറ്റുന്നതിനും നടപടിസ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ പുരോഗതി അറിയക്കേണ്ടതാണ്.

(മേൽ പ്രവൃത്തികൾക്കായി ₹ 3,878/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം. 17 തീ: 01.09.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയ്യതി |
|---|---|---|
| 2021-22 | 24.08.2022 & 25.08.2022 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 475625 | പ്രൊ.നം.183/21-22 പന്ന്യം വളപ്പ് ബാര അമ്പലം റോഡ് -ടില്ലർ പാത്ത് | 475625 | 0 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 101168 | പ്രൊ.നം.217/21-22 തരിശ് ഭൂമി നെൽകൃഷി | 101168 | 0 |
| | 2021-22 | 387039 | പ്രൊ.നം.216/21-22 നെൽകൃഷി വികസനം | 387039 | 0 |
| | 2021-22 | 245513 | പ്രൊ.നം.51/21-22 നെൽകൃഷി വികസനം | 245513 | 0 |
| | 2021-22 | 350000 | പ്രൊ.നം.15/21-22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 350000 | 0 |
| | 2021-22 | 500000 | പ്രൊ.നം.13/21-22 അങ്കണവാടി പോഷകാഹാരം | 500000 | 0 |
| | 2021-22 | 100000 | പ്രൊ.നം.101/21-22 ക്ഷീര ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | പ്രൊ.നം.15/21-22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| | 2021-22 | 200000 | പ്രൊ.നം.101/21-22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | 2021-22 | 891000 | പ്രൊ.നം.300/21-22 ലൈഫ് ഭവനം ഭൂമി വാങ്ങൽ | 891000 | 0 |
| | 2021-22 | 760000 | പ്രൊ.നം.163/21-22 ലൈഫ് ഭവനം -ജനറൽ | 760000 | 0 |
| | 2021-22 | 896000 | പ്രൊ.നം.5/21-22 ലൈഫ് ഭവനം - ഭൂരഹിതർക്ക് ഭൂമി വാങ്ങൽ | 896000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 153/2021-22 ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ | 22101120/ തിയതി 11/03/2022 | 2400000 | - | 2400000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ ലഭിച്ചതും തിരിച്ചടച്ചതുമായ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Life Housing Scheme | 151/2017,തീയതി 31-07-2017 | 1,89,87,714 | 1,59,31,127 (ഈ വർഷം ലഭിച്ചത് 19,00,000) ആകെ = 1,78,31,127 | 31,24,001 | | 1,47,07,126 |

.....(വികസനഫണ്ട് എസ്.സി.പി സ്രോതസ്സിൽ നിന്നും വായ്പയിനത്തിൽ കുറവ് ചെയ്ത 46232 രൂപ കണക്കിൽ ഉൾപ്പെടുത്താതിനാൽ വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെട്ട തുക ₹1,47,53,358 ആണ്. ഇത് ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്)

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1663575 |
| തൻവർഷം നിക്ഷേപിച്ചത് | 112579 |
| ആകെ | 1776154 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന തുക | 1776154 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം.(31-3-2022)**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി (Renewel) | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഉദുമ വനിതാ സർവീസ് സഹകരണ സൊസൈറ്റി | 9.10.2021 | 9.10.2021 To 8.10.2022 | 458933 | രശീതി നം. 2394 |
| 2 | ഉദുമ വനിതാ സർവീസ് സഹകരണ സൊസൈറ്റി | 1.10.2021 | 1.10.2021 To 30.9.2022 | 464095 | രശീതി .നം 4264 |
| 3 | കേരള സംസ്ഥാന സഹകരണ ബാങ്ക് | 28.09.2021 | 28.09.2021 To 27.09.2022 | 419230 | രശീതി .നം 11304 |
| 4 | കേരള സംസ്ഥാന സഹകരണ ബാങ്ക് | 27.09.2021 | 27.09.2021 To 26.09.2022 | 433896 | രശീതി.നം 4038 |
| | | | **ആകെ** | **1776154** | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 25,360/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ഉദ്യോഗപ്പേരും | തിയ്യതി |
|---|---|---|---|---|
| 2018-19 | 3-1 | 7468/- | രമ്യ , അസിസ്റ്റന്റ് എഞ്ചിനിയർ | 121040101003/ തി.23.7.2021 |
| 2018-19 | 3-1 | 7467/- | കമലാക്ഷൻ.പി.കെ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 121040106079/ തി.07.12.2021 |
| 2017-18 | 3-4 | 10,425/- | സീതാരാമ.കെ , ഫുൾടൈം സ്വീപ്പർ | 121040101194/ തി.29.07.2021 |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ**

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | വിഷയാധിഷ്ഠിത അവലോകനം | 2013-14 | 5.2.4.1 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ | തുടരുന്നു |
| 2013-14 | വിഷയാധിഷ്ഠിത അവലോകനം | 2013-14 | 5.2.4.1 | എം.ജി.എൽ.സി അടിസ്ഥാന സൗകര്യങ്ങൾ കുറവ് | തുടരുന്നു |
| 2014-15 | 2(9),2(10),2(11) | 2016-17 | അധ്യായം 1 അനുബന്ധം3 | വസ്തു നികുതി | തുടരുന്നു |
| 2014-15 | 2(12), 2(13) | 2016-17 | അധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി | തുടരുന്നു |
| 2015-16 | 2(5),2(6),2(7), 2(8),2(9) | 2016-17 | അധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി | തുടരുന്നു |

**4-9 ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം**

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക: ഇല്ല**

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക: ഇല്ല**

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,59,56,804 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,23,01,097 |
| വരവിനങ്ങളിലുള്ള നഷ്ടം | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 3,878/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,97,470/- |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | ₹ 3,878/- | ₹ 1,939/- രമ്യ.ടി.വി, അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW ഉദുമ ഗ്രാമ പഞ്ചായത്ത് |
| | | | ₹ 1,939/- മിത്ര. വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 5,47,470/- | നാരായണൻ.കെ , സെക്രട്ടറി |
| 1-15 | 5,00,000/- | നാരായണൻ.കെ , സെക്രട്ടറി |
| 1-16 | 2,00,000/- | നാരായണൻ.കെ , സെക്രട്ടറി |
| 1-20 | 2,50,000/- | ഡോ.ജയ.ജി മെഡിക്കൽ ഓഫീസർ ഹോമിയോ |
| ആകെ | 14,97,470/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രമ്യ.ടി.വി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW ഉദുമ ഗ്രാമ പഞ്ചായത്ത് | അഭിരാമം, പേരോൽ, നീലേശ്വരം (പി.ഒ), നീലേശ്വരം |
| മിത്ര. വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | എൽ.ഐ.ഡി & ഇ.ഡബ്ല്യൂ സബ് ഡിവിഷൻ, | സൗപർണ്ണിക, വെള്ളച്ചാൽ, ചെറുവത്തൂർ |

| | | |
|---|---|---|
| എഞ്ചിനീയർ, LID&EW | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്. | (പി,ഒ), കാസറഗോഡ്-671 313. |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(3) തീയതി 28.9.2022 | 7 |
| 1998-99 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(4) തീയതി 28.9.2022 | 23 |
| 2000-01 | കെ.എസ്.എ-കെ.എസ്.ഡി 8/495/19 തീയതി 29.6.2019 | 1 |
| 2000-01(പ്ലാൻ) | കെ.എസ്.എ-കെ.എസ്.ഡി 8/865/22(5) തീയതി 28.9.2022 | 3 |
| 2001-02 (പ്ലാൻ) | LF/KSD. 4/784/04 തീയ്യതി 05.12.2005 | 4 |
| 2004-05 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(9) തീയതി 28.9.2022 | 2 |
| 2005-06 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(10) തീയതി 28.9.2022 | 1 |
| 2006-07 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(11) തീയതി 28.9.2022 | 10 |
| 2009-10 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(14) തീയതി 28.9.2022 | 2 |
| 2010-11 & 2011-12 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(15) തീയതി 28.9.2022 | 5 |
| 2014-15 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(17) തീയതി 28.9.2022 | 16 |
| 2015-16 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(18) തീയതി 28.9.2022 | 13 |
| 2016-17 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(19) തീയതി 28.9.2022 | 8 |
| 2017-18 | KSA/KSD.8/561/2019.തീയ്യതി 16-07-2019 | 6 |
| 2018-19 | KSA/KSD.8/1224/2019./ 09.01.2020 | 32 |
| 2019-20 | KSA/KSD.8/591/2021 Dt. 28.09.2021 | 26 |

| | | |
|---|---|---|
| 2020-21 | KSA/KSD.8/918/2021 (1)dt. 22.09.2022 | 14 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

**അനുബന്ധം-1**
**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3
## റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| **Udma Grama Panchayat**<br>**RECEIPT & PAYMENT STATEMENT** | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 43714010.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2116562.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1750.00 |
| 140000000 | Fees & User Charges | RP-4 | 922265.00 |
| 150000000 | Sale & Hire Charges | RP-5 | 360243.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 75596261.00 |
| 171000000 | Interest Earned | RP-9 | 1473243.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 26689536.00 |
| 350000000 | Other Liabilities | RP-36 | 503932.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 14639.00 |
| 330000000 | Secured Loans | RP-32 | 1900000.00 |
| 340000000 | Deposits Received | RP-34 | 183534.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 772784.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 25421865.00 |
| 460000000 | Loans, Advances and Deposits | RP-47 | 190.00 |
| | **Grand total** | | **179670814.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 4083835.00 |
| 220000000 | Administrative Expenses | RP-12 | 1058257.00 |
| 230000000 | Operations & Maintenance | RP-13 | 2868556.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 10709798.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 35138451.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3230110.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 2392511.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 560000.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 15055228.00 |
| 280000000 | Prior Period item | RP-26 | -56324.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2008087.00 |
| 350000000 | Other Liabilities | RP-36 | 11420533.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 2556.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | RP-26 | -43270.00 |
| 340000000 | Deposits Received | RP-34 | 12909.00 |
| 350000000 | Other Liabilities | RP-36 | 4218396.00 |
| 410000000 | Fixed Assets | RP-38 | 20880016.00 |
| 412000000 | Capital work in Progress | RP-40 | 608793.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4045483.00 |
| 440000000 | Pre-paid Expenses | RP-45 | 1900000.00 |
| 460000000 | Loans, Advances and Deposits | RP-47 | 2207172.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 57139181.00 |
| Cash | Cash | RP-40(b) | 230536.00 |
| | **Grand Total** | | **179670814.00** |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-4
## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| **Udma Grama Panchayat INCOME & EXPENDITURE STATEMENT** | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 13688775.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 128899.00 |
| 140000000 | Fee & User Charges | I-4(b) | 1307819.00 |
| 150000000 | Sale & Hire Charges | I-5(b) | 371327.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 189068059.00 |
| 170000000 | Income from Investments | I-7 | 112579.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 1473243.00 |
| 180000000 | Other Income | I-9 | 14639.00 |
| | **Total Income** | | **206165340.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 16097539.00 |
| 220000000 | Administrative Expenses | I-11(b) | 1211698.00 |
| 230000000 | Operations & Maintenance | I-12(b) | 3283495.00 |
| 240000000 | Interest & Finance Charges | I-13 | 2556.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11496798.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 69703075.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3358110.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2392511.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 78274200.00 |
| 255000000 | Maintenance Projects | I-14(e) | 15055228.00 |
| 272000000 | Depreciation | I-17(a) | 101229.00 |
| | **Total Expenditure** | | **200976439.00** |
| | **Gross Surplus/ Deficit of income over Expenditure** | | **5188901.00** |
| 280000000 | Prior Period Item | I-18 | -674171.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **5863072.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-5

# ബാലൻസ് ഷീറ്റ്

**Udma Grama Panchayat**
**BALANCE SHEET**

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 75351160.10 |
| 312000000 | Reserves | B-3 | 63299192.00 |
| | **Total Reserve & Surplus** | | **138650352.10** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15249957.00 |
| | **Total Grants, Contributions for Specific Purposes** | | **15249957.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 14753358.00 |
| | **Total Loans** | | **14753358.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 550448.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2645876.00 |
| | **Total Current Liabilities and Provisions** | | **3196324.00** |

| | | | |
|---|---|---|---|
| | **TOTAL LIABILITIES** | | **171849991.10** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 153273489.00 |
| 411000000 | Accumulated Depreciation | B-11 | -65425602.90 |
| 412000000 | Capital Work in Progress | B-11(a) | 419130.00 |
| | **Total Fixed Assets** | | **88267016.10** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1776154.00 |
| | **Total Investments** | | **1776154.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5636663.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 14753358.00 |
| 450000000 | Cash and Bank Balance | B-17 | 57369717.00 |
| 460000000 | Loans, Advances and Deposits | B-18 | 4047083.00 |
| | **Total Current Assets, Loans and Advances** | | **0.0** |
| | **Total Current Assets, Loans and Advances** | | **81806821.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **171849991.10** |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്